കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ.സി.കെ.നാണു എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പ്രകാരമുളള പ്രവർത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നേരിട്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ 142/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 18.01.2017.

---

പരാമർശം- 1. വടകര നഗരസഭ കൗൺസിലിന്റെ 29.08.2016 ലെ 16-ാം നമ്പർ തീരുമാനം.
2. വടകര നഗരസഭ ചെയർമാന്റെ 05.09.2016 ലെ ജി4-18244/11 നമ്പർ കത്ത്.
3. സ.ഉ.(പി.) നമ്പർ 339/2015/ധന തീയതി 07.08.2015.

ഉത്തരവ്

വടകര എം.എൽ.എ. ശ്രീ.സി.കെ.നാണുവിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി വടകര നഗരസഭയ്ക്ക് അനുവദിച്ച എല്ലാ പ്രവർത്തികളും നേരിട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് വടകര നഗരസഭ കൗൺസിൽ സൂചന ഒന്ന് പ്രകാരം തീരുമാനിച്ചിട്ടുളളതിനാൽ ആയതിന് അനുമതി നൽകണമെന്ന് വടകര നഗരസഭ ചെയർമാൻ സൂചന രണ്ടിലെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന മൂന്നിലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ വടകര എം.എൽ.എ. ശ്രീ.സി.കെ.നാണുവിന്റെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി വടകര നഗരസഭയ്ക്ക് അനുവദിച്ച എല്ലാ പ്രവർത്തികളും നേരിട്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡി.സന്തോഷ്,

ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, വടകര മുനിസിപ്പാലിറ്റി.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (എൻ.സി.സി.2/197/2016/ധന പ്രകാരം).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ & പി.ആർ.ഡി.

ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.